40 (949) കായംകുളം മണ്ഡലത്തിലെ മേജർ ഇറിഗേഷൻ കനാലുകളുമായി ബന്ധപ്പെടുത്തിയുള്ള പ്രോജക്ട് റിപ്പോർട്ട്

ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97-ൽ കായംകുളം മണ്ഡലത്തിലെ മേജർ ഇറിഗേഷൻ കനാലുകളുമായി ബന്ധപ്പെടുത്തി മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പ് സമർപ്പിച്ച 360 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് ഇതിനകം നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന് നാളിതുവരെ നടപടികളൊന്നും എടുക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) മേൽപ്പറഞ്ഞ മേജർ ഇറിഗേഷൻ പ്രോജക്ട് ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി)കായംകുളം മണ്ഡലത്തിലെ കരിപ്പുഴ കനാലിന്റെയും മലയൻ കനാലിന്റെയും സംരക്ഷണ പണികൾ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് 1997 ആഗസ്റ്റ് മാസത്തിൽ ചീഫ് എൻജിനീയർക്ക് ലഭിച്ചിരുന്നു. അവ പരിശോധിച്ചപ്പോൾ കനാലിന്റെ ജല നിർഗ്ഗമനശേഷി കുറയ്ക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്ന് ബോദ്ധ്യം വന്നതിനാൽ അവ ആവശ്യമായ ഭേദഗതികൾ വരുത്തിയും എല്ലാ പണികളും ഉൾപ്പെടുത്തിയും സാങ്കേതികമായി പരിഷ്കരിച്ച് സമർപ്പിക്കാൻ ബന്ധപ്പെട്ട എൻജിനീയർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ഡി) പരിഷ്കരിച്ച പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

41 (950) സുൽത്താൻ ബത്തേരി മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികളിൽ ഏതെല്ലാം പദ്ധതികളാണ് അറ്റകുറ്റപ്പണികൾ ചെയ്യാത്തതിനാൽ ഉപയോഗയോഗ്യമല്ലാത്തതു എന്നറിയിക്കുമോ;

(ബി) ഇവ ഉപയോഗയോഗ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly